സ്ലേറ്റ്



# മൗനം പറയുന്നത്

എന്റെ നിറഞ്ഞ വാചാലതകൾക്കിടയിലും
കനത്ത മൗനത്തിന്റെ ഇടനാഴികളുണ്ട്
എന്റെ വിരിഞ്ഞ പുഞ്ചിരിക്കിടയിലും
ഘനീഭവിച്ച ദുഃഖത്തിന്റെ വിരൽപ്പാടുകളുണ്ട്

വാക്കുകളുടെ ചിറകൊടിയുമ്പോൾ
ചിരിയുടെ നിറം മങ്ങുമ്പോൾ
ഓർമകളുടെ ചിതൽപ്പുറ്റിലേക്ക്
ഞാൻ നുഴഞ്ഞ് കയറുന്നു

മൗനത്തിന്റെ ചത്തവിത്തുകൾ
അവിടെ ഉപേക്ഷിച്ച് പുതിയ ചിന്തകളുടെ
മൊഴിത്തിളക്കവുമായി
വർത്തമാനത്തിലേക്ക് ഞാൻ
തിരികെയെത്തുന്നു.

**ഫൈസൽബാബു പട്ടാമ്പി**

# 'പ്രതി'ഫലം

**അനസ് മാള**

അനുഗ്രഹങ്ങൾ നിഗ്രഹങ്ങളായ്
തിരിച്ചുവരുന്ന നാളേത്?

അന്നേരമാണ് അഹങ്കാരപർവം
അസ്തമിച്ചൊടുങ്ങുക
നന്ദികേടുകൾക്ക്
സമയാന്ത്യം കുറിക്കുക
ഇനിയൊന്ന് കേൾക്കാവിധം
കാതുകൾക്ക് താഴിടുക
കണ്ണോട് കലഹിച്ച്
കാഴ്ചകളൊഴിയുക.

തിരിച്ചറിയാതെപോയ അറിവുകൾ
മുന്നിൽ നാഗനൃത്തം ചെയ്യുക
അഭയം നിരാകരിച്ചവർക്ക്
ഭയം വിളഞ്ഞ നീറ്ററിവാകുക.

സൗഭാഗ്യം വന്നു വിളിച്ചിട്ടും
ദൗർഭാഗ്യത്തോടൊട്ടിപ്പോയവരുടെ,
അരുളുൾ പാനം ചെയ്യാതെ പോയ
അകങ്ങളുടെ ദുർദിനം.

ആയുസ്സ് ചുട്ടുതിന്നതിൻ ശേഷിപ്പ്.

■

